"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- ഡെപ്യൂട്ടി ടൗൺ പ്ലാനർശ്രീ അജയ്. എസ്- **(PEN 924722)** എന്നവരെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി **(K-RERA)**-യിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.664/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. **K-RERA** ചെയർ പേഴ്സൺ-ന്റെ 28.10.2025-ലെ K-RERA/T3/1709/2025 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2026-ലെ LSGD/PD/5803/2026-DEA5 നമ്പർ കത്ത്.

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ (**K-RERA**) പ്രവർത്തനങ്ങൾക്കായി ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) പോസ്റ്റിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ നിന്നും അനുയോജ്യരായ ഉദ്യോഗസ്ഥരെ ശിപാർശ ചെയ്യുവാനും, ടി തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പരാമർശം (1) പ്രകാരം **K-RERA** ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം കാസർഗോഡ് ജില്ലാ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ, അജയ് എസ്., K-RERA, ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) പോസ്റ്റിലേയ്ക്ക് നിയമിതനാകുവാൻ സന്നദ്ധത അറിയിയ്ക്കുകയും ടിയാനെ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിലെ ഒഴിവിൽ ഡെപ്യൂട്ടി

ടൗൺ പ്ലാനർ, അജയ് എസ്. - നെ നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ചട്ടം 140 (സി)-യിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ചെയർ പേഴ്സൺ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 10-03-2026 13:55:25
സെക്ഷൻ ഓഫീസർ